*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

**സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 48 D**

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**
**സെപ്തംബർ 1, 2023**

# ബാംഗ്ലൂരിലേക്കുള്ള ആദ്യകാല സന്ദർശനങ്ങൾ

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.



നാം മിക്കപ്പോഴും വിഭൂതിയെ കുറിച്ച്, സ്വാമി വിഭൂതി സൃഷ്ടിക്കുന്നതിനെക്കുറിച്ച്, കേൾക്കുന്നു; ദസറയും ജന്മദിനവും പോലുള്ള വിശേഷാവസരങ്ങളിൽ, സ്വാമി ഷിർദ്ദി ബാബ വിഗ്രഹത്തിൽ വിഭൂതി കൊണ്ട് അഭിഷേകം നടത്തുന്നു. ഇപ്രകാരം, വിഭൂതി നമുക്കെല്ലാവർക്കും വളരെ പരിചിതമാണ്. ഈ വിഭൂതിയെക്കുറിച്ച് ഏതാനും വസ്തുതകൾ നമുക്ക് നോക്കാം.

വിഭൂതി എന്നത് ശ്രീ സത്യ സായി ബാബ അവിടുത്തെ ഭക്തർക്കായി നൽകുന്ന കൃപാ സമ്മാനമാണ്. അത്, അവിടുത്തെ കരത്തിന്റെയും ഹസ്തത്തിന്റെയും ഏതാനും വർത്തുള ചലനങ്ങൾ(circular motions)ക്കു ശേഷം അവിടുത്തെ കമഴ്ത്തിപ്പിടിച്ച കൈവെള്ളയിൽ പ്രത്യക്ഷപ്പെടുന്നതാണ്. അവിടുന്ന് അത് അവിടുത്തെ ഭക്തരുടെ നീട്ടിയ കൈകളിലേക്ക് ചൊരിയുന്നു, അല്ലെങ്കിൽ അവരുടെ വായിൽ ഇട്ടുകൊടുക്കുന്നു അഥവാ അവിടുത്തെ തള്ളവിരനിലാൽ അവരുടെ നെറ്റിമേൽ തൊട്ടുകൊടുക്കുന്നു. അതൊരു നേർത്ത സൗരഭ്യമുള്ള, ചാരവെള്ള(off-white) നിറമുള്ള, അതിനേർമ്മയുള്ള ഭസ്മമാണ്.



വിഭൂതിക്ക് ശക്തമായ ആദ്ധ്യാത്മിക പ്രാധാന്യമുണ്ട്. 'വിഭൂതി' എന്ന പദത്തിനർത്ഥം ദൈവികമായ ഗുണം(divine attribute) എന്നാണ്. അത് മിക്കപ്പോഴും ശിവഭക്തരാണ് പൂശി കാണപ്പെടുക. ഭസ്മം എന്ന നിലയ്ക്ക്, അതൊരു പ്രതീകാത്മകമായ ഓർമ്മക്കുറിപ്പാണ്, എല്ലാ വസ്തുക്കളും അന്തിമമായി വിഘടിച്ചുപോകുന്ന അവസ്ഥയാണ് അതെന്ന്. ഒരർത്ഥത്തിൽ, എല്ലാ ആദ്ധ്യാത്മിക ഗുണങ്ങളും ഒരു ദിവസം നിർഗുണത്വ(attributeless-ness)ത്തിലേക്ക് ശിഥിലീകരിക്കപ്പെടും.

അപ്പോൾ, ബാബ വിഭൂതി തരുമ്പോൾ, അവിടുന്ന് പരോക്ഷമായി സൂചന നൽകുകയാണ് ഭൗതികമായ എല്ലാ വസ്തുക്കളുടെയും അവസാനം വിഭൂതി അഥവാ ചാരം ആണ് എന്ന്. ബാബ തരുന്ന വിഭൂതി സൗഖ്യശേഷിയുള്ളതും സ്വീകർത്താവിനു മേൽ ഈശ്വരകൃപ വർഷിക്കുന്നതുമാണ്. ഭാരതീയ പാരമ്പര്യത്തിൽ, വിഭൂതിയെന്നത് ആരാധനാസ്ഥലങ്ങളിൽ പ്രസാദമായി അഥവാ പവിത്ര വസ്തുവായി നൽകപ്പെടുന്നതാണ്, ഒരു ക്രിസ്ത്യൻ പള്ളിയിൽ പുണ്യജലം നൽകപ്പെടുന്നതുപോലെ.






ഷിർദ്ദിയിലെ സായി ബാബ അവിടുത്തെ ദ്വാരകാമായി സന്ദർശിക്കുന്ന എല്ലാവർക്കും അവിടുന്ന് കെടാതെ എല്ലായ്പോഴും ജ്വലിപ്പിച്ചിരുന്ന ഒരു അടുപ്പിലെ(ധുനി) ഭസ്മം നൽകിയിരുന്നു. അവിടുന്ന് ഈ ഭസ്മത്തെ ഉദി(Udi) എന്നാണ് വിളിച്ചിരുന്നത്, അതിന് രോഗശമന ശേഷി ഉണ്ടായിരുന്നു. ശ്രീ സത്യ സായി ബാബ ആദ്യമായി വിഭൂതി സൃഷ്ടിക്കുമ്പോൾ, അവിടുന്ന് മിക്കപ്പോഴും, അത് ഷിർദ്ദി അടുപ്പിലെ അതേ ഭസ്മം ആണെന്ന് പരാമർശിക്കുമായിരുന്നു. വിഭൂതി സ്വീകരിക്കുമ്പോൾ, സ്വീകർത്താക്കൾക്ക് അവരുടെ കൈവെള്ളയിൽ ഒരു ഇളം ചൂട് അനുഭവപ്പെടും, അത് തീക്കനലിൽ നിന്ന് വരുന്നതുപോലെ. ഉത്സവക്കാലങ്ങളിൽ, സത്യ സായി ബാബയുടെ മൂർദ്ധാവിൽനിന്ന് വിഭൂതി ഉത്ഭവിക്കുന്നതിന് പല ഭക്തരും സാക്ഷികളായിട്ടുണ്ട്. പലപ്പോഴും അവിടുന്ന് സമാധിയിലേക്ക് പോകുന്ന അവസരത്തിൽ, വിഭൂതി അവിടുത്തെ ശരീരത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഇന്ന് ലോകമെമ്പാടുമുള്ള ഭക്തർ അവരുടെ ഭവനങ്ങളിലും ശ്രീ സത്യ സായി ബാബ സെന്ററുകളിലും നടക്കുന്ന പ്രാർത്ഥനയ്ക്കു ശേഷം മറ്റ് ഭക്തർക്ക് വിഭൂതി നൽകാറുണ്ട്.



The original Dhuni in Dwarkamai



ലോകം മുഴുവനുമുള്ള നിരവധി സായി ഭക്തരുടെ ഭവനങ്ങളിലെ പൂജാമുറികളിൽ വച്ചിരിക്കുന്ന ഫോട്ടോകളിൽനിന്നും വിഗ്രഹങ്ങളിൽനിന്നും വിഭൂതി ഉത്ഭവിക്കുന്നതായി സ്ഥിരീകരിക്കപ്പെട്ട റിപ്പോർട്ടുകളുണ്ട്. ഭക്തരുടെ മേൽ ബാബ വർഷിക്കുന്ന കൃപാകടാക്ഷമായിട്ടാണ് സായി ഭക്തർ ഈ വിഭൂതി ഉത്ഭവിക്കുന്ന

പ്രതിഭാസത്തെ പൊതുവേ കാണുന്നത്. വിഭൂതിയുടെ പ്രാധാന്യം ഇതാണ്, ഇതേക്കുറിച്ച് നാം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്.

ബാബ ദിഗംബര സ്വാമിയോട് പറഞ്ഞതുപോലെയൊരു പ്രസ്താവന അവിടുന്ന് അതേവരെ നടത്തിയിട്ടില്ലായിരുന്നു. അവിടുന്ന് അദ്ദേഹത്തെ തിരുത്തിക്കൊണ്ട്, അദ്ദേഹത്തോട് വസ്ത്രങ്ങൾ ധരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട്, പേരിനും പ്രശസ്തിക്കും വേണ്ടി ഉഴറി നടക്കരുതെന്ന് ഉപദേശിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ അവശ്യ ജീവിതാവശ്യങ്ങൾ അവിടുന്ന് നിറവേറ്റിക്കൊടുക്കാമെന്ന് ഉറപ്പു നൽകുകയുണ്ടായി.

കൗമാരക്കാരനായ സായി ബാബ മേലിൽ ഒരു തുടക്കക്കാരനായിരുന്നില്ല. അവിടുന്ന് ഗുണദോഷിക്കുന്ന പിതാവിന്റെ, പ്രേമമയിയായ മാതാവിന്റെ, പിന്നെ ജ്ഞാനിയായ ഗുരുവിന്റെ റോൾ ഏറ്റെടുത്തിരുന്നു. കുടുംബജീവിതത്തിന്റെ ചങ്ങലകൾ പൊട്ടിച്ച് അവിടുന്ന് പുറത്തു വന്നിരുന്നു, അവിടുന്ന് മാനവരാശിയെ അഭിസംബോധന ചെയ്യാനാരംഭിച്ചിരുന്നു. ആ യുവഗുരുവിന്റെ ശബ്ദത്തിൽ പഴയ കാലത്തെ മഹനീയ ഗുരുക്കന്മാരുടെയൊക്കെ സന്ദേശം പ്രതിധ്വനിച്ചിരുന്നു. ‘‘സ്വയം ശരണാഗതിയടയുവിൻ, നിങ്ങളുടെ കാര്യം ഞാൻ നോക്കിക്കൊള്ളാമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു!’’

മനുഷ്യരാശിയെ അതിന്റെ അധ:പതിച്ച ലഘുനിദ്രയിൽ നിന്നും ഉണർത്തുക, മനുഷ്യന് അവനു നഷ്ടമായ ദിവ്യതാബോധം തിരികെ നൽകുകയും ചെയ്യുക എന്ന, യുവാവായ സായി ബാബയുടെ ദർശനം മറനീക്കി പുറത്തു വന്നിരുന്നു. ദിഗംബരസ്വാമിയോടുള്ള അസന്നിഗ്ദ്ധമായ ഉപദേശത്തിൽ, സായി ബാബ കാണാൻ കണ്ണുകളുള്ള, കേൾക്കാൻ കാതുകളുള്ള എല്ലാവരോടും ഒരു സുപ്രധാനമായ കാര്യം വെളിപ്പെടുത്തിയിരുന്നു. തന്റെ ദൗത്യം ആരംഭിച്ചു കഴിഞ്ഞു എന്ന് അവിടുന്ന് ഉറക്കെ, വ്യക്തമായി വെളിപ്പെടുത്തുകയുണ്ടായി!




1944-ന്റെ ആരംഭത്തിൽ, ഒരു പക്ഷേ ജാനുവരി 24-ന്, ബാബ ആദ്യമായി ബാംഗ്ലൂർ നഗരം സന്ദർശിക്കുകയുണ്ടായി. അവിടുന്ന് ബാഗെപ്പള്ളി വരെ കാളവണ്ടിയിൽ പോയിട്ടുണ്ടാവും, പറഗൊഡു

ഗ്രാമത്തിൽ തങ്ങിയിട്ട് പിന്നെ ബസ്സിൽ ബാംഗ്ലൂരിന് പോയിട്ടുണ്ടാവും. മഹത്തായ പ്രഖ്യാപന(Grand Declaration)ത്തിനു ശേഷം പുട്ടപർത്തിക്ക് വെളിയിലുള്ള അവിടുത്തെ ആദ്യത്തെ പ്രമുഖ യാത്രയായിരുന്നു ഇത്.

ബാബയുടെ ആദ്യകാല ബാംഗ്ലൂർ സന്ദർശനത്തെക്കുറിച്ച് ഡി.എൻ.കൃഷ്ണമൂർത്തി സ്മരിക്കുന്നുണ്ട്. ഇത് ഡി.എൻ.കൃഷ്ണമൂർത്തിയുടെ വിവരണമാണ്: ''ബാബ 1944 ഫെബ്രുവരിയിൽ ആദ്യമായി ബാംഗ്ലൂർ സന്ദർശിക്കുകയും ലാൽബാഗിനടുത്തുള്ള രാമറാവുവിന്റെ ഭവനത്തിൽ 8-9 ദിവസങ്ങൾ താമസിക്കുകയും ചെയ്തു.'' ലാൽബാഗ് ഉദ്യാനം വളരെ പ്രസിദ്ധമാണ്, നിങ്ങൾക്കറിയാം!



ഈ യാത്രയിൽ കർണം സുബ്ബമ്മയും കമലമ്മയും അവിടുന്നിനെ അനുഗമിക്കുകയുണ്ടായി. ഈ സന്ദർശന വേളയിൽ അവിടുന്ന് കാവൽറി റോഡിലുള്ള ഞങ്ങളുടെ ഗൃഹവും സന്ദർശിച്ചു. ഒന്നോ രണ്ടോ മാസങ്ങൾക്കു ശേഷം അവിടുന്ന് വീണ്ടും ഒരിക്കൽ കൂടി ബാംഗ്ലൂർ സന്ദർശിക്കുകയുണ്ടായി.''
ശ്യാമണ്ണയുടെ പുത്രൻ, ഇന്ദിരാ നഗറിലെ രാമസ്വാമി, സായി ബാബ ബാംഗ്ലൂർ സന്ദർശിക്കുന്നതും തന്റെ മാതാപിതാക്കളുടെ ഭവനത്തിൽ തങ്ങുന്നതും ഓർക്കുന്നുണ്ട്. ശ്യാമണ്ണ അക്കാലത്ത് രാം കുമാർ മില്ലിലാണ് ജോലി ചെയ്തിരുന്നത്. ബാബയെ തങ്ങളുടെ ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടു വരാനായി തന്റെ മുതലാളിയുടെ കാറാണ് അദ്ദേഹം കടം വാങ്ങിയിരുന്നത്. 1944 ഫെബ്രുവരിയിൽ അവിടുന്ന് ബാംഗ്ലൂരിലേക്ക് പോയപ്പോൾ, വരയുള്ള ഒരു ഷർട്ടും ധോത്തിയുമാണ് ധരിച്ചിരുന്നത്. ഒരു ദിവസം, അവിടുന്ന് പെട്ടെന്ന് പറഞ്ഞു, ''എനിക്കിത് ധരിക്കാൻ ഇഷ്ടമില്ല!''
ഒരു ശ്രീനിവാസൻ, ഇളം നാരങ്ങാമഞ്ഞ നിറം മുക്കിയ ഏതാനും ധോത്തികളും ഒരു നീണ്ട ജുബ്ബയും ലൂസ് ആയ കോളറില്ലാതെ തയ്ച്ച ഒരു ഷർട്ടും കൊണ്ടുവന്നു. അത്തരം വേഷവിധാനത്തിന് 'മദനപ്പള്ളി ജുബ്ബാ' എന്നാണ് അക്കാലത്ത് പറയുക. വളരെ പെട്ടെന്ന് ബാബ അവിടുത്തെ ജുബ്ബയും ധോത്തിയും ഉപേക്ഷിക്കുകയുണ്ടായി.

ബാബയ്ക്കു വേണ്ടി ആദ്യത്തെ അങ്കി ഡിസൈൻ ചെയ്തത് ഏദാളം വെങ്കട രമണപ്പ ആവണം. അതൊരു ഇളം ചാര നിറമുള്ളതും മുഴുനീളത്തിലല്ലാത്തതുമായിരുന്നു. വേഷം ഇനിയും പരിഷ്കരണത്തിലൂടെ കടന്നുപോയി, ഫുൾ-സ്ലീവിൽ ശരീരം മുഴുവൻ മൂടുന്ന

ഇളം മഞ്ഞ അഥവാ ചിലപ്പോഴൊക്കെ കഴുത്തിൽ ബട്ടണുള്ള ഉപ്പൂറ്റി വരെ നീളുന്ന ഓഫ് -വൈറ്റ് അങ്കിയായി. ഷിർദ്ദി സായി ബാബ ധരിച്ചിരുന്ന കഫ്നിയെ അനുസ്മരിപ്പിക്കുകയുണ്ടായി ഇത്.

ബാബയുടെ ആദ്യകാല ബാംഗ്ലൂർ സന്ദർശനവേളകളിലൊന്നിൽ ബാബ അവരുടെ ഗൃഹം സന്ദർശിച്ചത് ശാന്ത കൃഷ്ണമൂർത്തി സ്മരിക്കുന്നു. അവർ പുട്ടപർത്തി സന്ദർശിച്ചിട്ട് ചുരുക്കം ചില മാസങ്ങളേ ആയിരുന്നുള്ളൂ. ശാന്ത കൃഷ്ണമൂർത്തിയുടെ വിവരണമാണ് ഇത്:

"സ്വാമി മുൻകൂട്ടിയുള്ള അറിയിപ്പൊന്നുമില്ലാതെ ഒരു ദിവസം കാലത്ത് 11.00 മണിക്ക്, ഒരു കുതിരവണ്ടിയിൽ, കർണം സുബ്ബമ്മയുടെ സഹോദരനായ സത്യ നാരായണനൊപ്പം ചാമ രാജപേട്ട് 3-ാം മെയിൻ റോഡിലുള്ള ഞങ്ങളുടെ ഭവനം സന്ദർശിക്കുകയുണ്ടായി. കർണം കമലമ്മ അന്ന് ഞങ്ങളുടെ ഭവനത്തിൽ തങ്ങുന്നുണ്ടായിരുന്നു. പെനുക്കൊണ്ടയിൽ നിന്ന് ട്രെയിൻ വെളുപ്പിന് 1.30-നാണ് ബാംഗ്ലൂരിന് പുറപ്പെടുക എന്ന കാര്യം ഞങ്ങൾക്കറിയാമായിരുന്നു. ഏറ്റവും അടുത്തുള്ള റസ്റ്ററന്റിൽനിന്ന് ഞങ്ങൾ രണ്ട് മസാലദോശ വാങ്ങി, അത് കഴിക്കാൻ തുടങ്ങുമ്പോഴാണ് സ്വാമി വന്നത്. അന്ന് ഞങ്ങൾ ഒരു ചെറിയ വീട്ടിലാണ് താമസിക്കുന്നത്. അവിടുന്ന് കാത്തു നിൽക്കുമ്പോൾ ഞങ്ങൾ വീട് വൃത്തിയാക്കി, വേറേ നിവൃത്തിയില്ലാതിരുന്നതു കൊണ്ട് ആ മസാലദോശകൾ തന്നെ അവിടുന്നിന് നൽകി."



"സ്വാമി ഞങ്ങളുടെ വീടാണോ ആദ്യം സന്ദർശിച്ചത് അതോ മറ്റാരുടെയെങ്കിലും ഭവനം സന്ദർശിക്കുകയുണ്ടായോ എന്ന് എനിക്കറിയില്ല. അവിടുത്തെ പിൽക്കാല സന്ദർശനവേളകളിലും ഞങ്ങൾ അതേ ചെറിയ വീട്ടിലാണ് താമസിച്ചിരുന്നത്. അവിടുന്ന് ചെറിയ കുട്ടിയായിരുന്നതിനാൽ അവിടുത്തെ സുരക്ഷയെ ഓർത്ത് ഞങ്ങൾക്ക് ആധിയുണ്ടായിരുന്നു. അവിടുന്നിന് ദർശനം നൽകാൻ തക്കവിധം ഞങ്ങൾ അവിടുന്നിനെ ഒരു മേശമേൽ കയറ്റി നിർത്തുക പതിവായിരുന്നു. ഇന്റർവ്യൂവിനായും സ്വകാര്യ സദസ്സിനായും മറ്റും ധാരാളം ആളുകൾ വരുമായിരുന്നു. സ്വാമി തറയിലാണ് കിടന്നുറങ്ങിയിരുന്നത്, പക്ഷേ പിന്നീട് ഞങ്ങൾ അവിടുന്നിന് ഒരു കട്ടിൽ വാങ്ങി നൽകി."

“അവിടുന്നിന് സദാ ചുറുചുറുക്കായിരുന്നു, ദിവസം മുഴുവനും ഒരു വീട്ടിൽ നിന്ന് മറ്റൊരു വീട്ടിലേക്ക് സഞ്ചരിക്കുമായിരുന്നു. ഒരു ക്ഷണിക്കൽ മാത്രം മതി, സ്വാമി അവിടെ എത്തിയിരിക്കും!”

“സ്വാമി ആഴ്ചയിൽ രണ്ടു തവണ ഞങ്ങൾക്ക് കത്തെഴുതുമായിരുന്നു. ഒരു കത്തിൽ, ആ വീട് മാറണം എന്ന് അവിടുന്ന് എന്റെ പിതാവ് നാരായണ ശർമ്മയെ ഉപദേശിക്കുകയുണ്ടായി. കാരണം അത് അദ്ദേഹത്തിന് നല്ലതല്ല. ഞങ്ങളുടെ ആ ഗൃഹത്തിന്മേൽ ‘ഗ്രഹം’, ഗ്രഹങ്ങളുടെ നെഗറ്റീവായ പ്രഭാവം, ഉണ്ടെന്ന് അവിടുന്ന് പറയുകയുണ്ടായി.”

“ഒരു ബന്ധുവിന്റെ ഭവനത്തിലേക്ക് മാറാൻ എന്റെ പിതാവ് ശ്രമിച്ചു. അതേ സന്ദേശവുമായി മറ്റൊരു കത്ത് വന്നു. അതൊരു അവസാന നോട്ടീസാണെന്ന് ഞങ്ങൾ കരുതിയില്ല. പിറ്റേന്നു രാത്രി അച്ഛന് ഒരു ഹാർട്ട് അറ്റാക്ക് വന്നു, സ്വാമിയുടെ ദർശനം കിട്ടി, ശാന്തമായി മരിച്ചു. അദ്ദേഹം മരിക്കുമ്പോൾ, അദ്ദേഹത്തിന്റെ കിടക്കയുടെ വശത്തായി സ്വാമി സൃഷ്ടിച്ച ഷിർദ്ദി സായിയുടെ ഒരു ചിത്രം ഞങ്ങൾ വച്ചു. ഒരു വശത്ത് ഷിർദ്ദി ബാബയുടെയും മറുവശത്ത് ഹനുമാന്റെയും ചിത്രമുള്ള ചെമ്പുപതക്കത്തോടു കൂടിയ ഒരു രുദ്രാക്ഷ ജപമാലയും അവിടുന്ന് തന്നിരുന്നു.”



“അത് അദ്ദേഹം കഴുത്തിൽ ചുറ്റിയിരുന്നു, ആ പതക്കം വായിൽത്തന്നെ വച്ചുകൊണ്ട് അല്പം വെള്ളം ഇറക്കി, പിന്നെ ശാന്തനായി അന്ത്യശ്വാസം വലിച്ചു. അന്നൊരു സംസ്ഥാന ഒഴിവുദിനമായിരുന്നു, രാജകുടുംബത്തിലെ ഉത്സവം. ഇത് നടന്നത് 1944 ജൂലൈ 11-നാണ്.”

“മുമ്പ്, പുട്ടപർത്തി സന്ദർശന വേളയിൽ സ്വാമി എന്റെ അച്ഛന് ചിത്രാവതിയിലെ വെള്ളത്തിൽ ദശാവതാരങ്ങളുടെ ദർശനം നൽകിയിരുന്നു. അന്ന്, തന്റെ കുടുംബത്തെ കാത്തുകൊള്ളണമെന്ന് എന്റെ അച്ഛൻ സ്വാമിയെക്കൊണ്ട് വാഗ്ദാനം ചെയ്യിച്ചിരുന്നു. ഇതു പാലിക്കുന്നതിനായി എന്റെ അച്ഛന്റെ മരണശേഷം ഉടൻതന്നെ അവിടുന്ന് ഞങ്ങളെ സന്ദർശിക്കുകയുണ്ടായി.”

“മരണവിരഹ കാലയളവിൽ, ആചാരപ്രകാരം ഞങ്ങൾ ഒരു വർഷക്കാലം ഓരോ മാസവും, പിന്നെ കൊല്ലത്തിലൊരിക്കലും ഒരു ചടങ്ങ് നടത്തണമായിരുന്നു. ഈ ആചാരത്തിന്റെ ഭാഗമായി ബ്രാഹ്മണർക്ക് സദ്യ നൽകണം. ഒരു അവസരത്തിൽ സ്വാമിതന്നെ

ഒരു ബ്രാഹ്മണനായി, പുതുതായി സ്നാനം ചെയ്ത്, ധോത്തി ധരിച്ച്, തിരുശരീരത്തിൽ ഒരു നീല ടവൽ ധരിച്ച്, സദ്യ കഴിക്കുകയുണ്ടായി!"

എത്ര വിസ്മയകരമായ വർണനയാണ്! ശാന്ത കൃഷ്ണമൂർത്തിയുടെ സംഭവ വിവരണം എത്ര അതിശയകരമാണ്! എത്ര അത്ഭുതകരമാണത്! അതെക്കുറിച്ച് ചിന്തിക്കുക, സ്വാമി യുടെ ആദ്യകാല ബാംഗ്ലൂർ സന്ദർശനങ്ങളെക്കുറിച്ച്!

നമുക്ക് പിന്നീട് കാണാം. ഈ വേളയിൽ സായി രാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)